# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഇരുമ്പിളിയം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം13/2165/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/02/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇരുമ്പിളിയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം13/2165/2021 തീയ്യതി: 04/02/2022

## മലപ്പുറം ജില്ലയിലെ ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-01-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 27-11-2021 | 14-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-11-2021 | 14-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. റിഷിൽ.പി., ഓഡിറ്റ് ഓഫീസർ
ശ്രീ. മൂസ.ഇ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഷജീർ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സുജിത.പി.കെ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജ്യോതി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 23-04-2019 |
| ശ്രീമതി.ബിന്ദു. ബി.ആർ | സെക്രട്ടറി | 24-04-2019 | 14-07-2019 |
| ശ്രീ.ഗിരീഷ് ബാബു | സെക്രട്ടറി | 15-07-2019 | 20-01-2020 |
| ശ്രീമതി.ജ്യോതി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-01-2020 | 11-02-2020 |
| ശ്രീ.അജിത്ത് കുമാർ കെ എസ് | സെക്രട്ടറി | 12-02-2020 | 31-03-2020 |
| ശ്രീമതി റജ്ജല.വി. | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ജ്യോതി.എസ് | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.ഇബ്രാഹിം മാസ്റ്റർ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീ.അഹമ്മദ് പി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ശ്രീമതി.സന്ധ്യ സി.വി | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| ശ്രീമതി.സജീന കെ എ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി.കമലാക്ഷി പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 14-12-2019 |
| ശ്രീമതി,സൈനബ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 15-12-2019 | 31-03-2020 |
| ശ്രീ.ബിനു വി | വി.ഇ.ഒ | 01-04-2019 | 04-06-2019 |
| ശ്രീമതി.ആശ കെ എ | വി.ഇ.ഒ | 05-06-2019 | 02-10-2019 |
| ശ്രീ.ഷബീർ എം.ബി | വി.ഇ.ഒ | 03-10-2019 | 31-03-2020 |
| ശ്രീ.സുജിത്ത് ഗോപിനാഥ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.റംസി മോൾ സാലിം | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.മഞ്ജു മോഹൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. അഹമ്മദ്.പി. | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.സന്ധ്യ സി.വി | മെഡിക്കൽ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ(ആയുർവ്വേദം) | | |
| ഡോ. സജീന കെ.എ. | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി.ആശ.കെ.ആർ. | വി.ഇ.ഒ | 05-06-2019 | 02-10-2019 |
| ഡോ. റംസി മോൾ സാലിം | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Sujitha.P.K (Auditor, On 15-12-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Sujitha.P.K (Auditor, On 09-12-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം)<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Sujitha.P.K (Auditor, On 09-12-2021) | 1-4 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2019-20<br>Written By: Rishil.P (Audit Officer, On 16-12-2021)<br>Last Updated By: Rishil.P (Audit Officer, On 16-12-2021) | 1-4-1 |
| 6 | പദ്ധതി അവലോകനം<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Sujitha.P.K (Auditor, On 09-12-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Sujitha.P.K (Auditor, On 15-12-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Unni.P (Deputy Director, On 24-01-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Sujitha.P.K (Auditor, On 15-12-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Sujitha.P.K (Auditor, On 09-12-2021) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-11 |
| 13 | തൊഴിൽ നികുതി അടവാക്കിയിട്ടില്ല.<br>Written By: Sujitha.P.K (Auditor, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-12 |
| 14 | രസീതികളുടെ കൗണ്ടർ ഫോയിൽ നഷ്ടപ്പെട്ടത് സംബന്ധിച്ച്<br>Written By: Sujitha.P.K (Auditor, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-13 |
| 15 | മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 35913 രൂപ തിരിച്ചടവാക്കി.<br>Written By: E.Moosa (Asst. Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-14 |
| 16 | ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല<br>Written By: E.Moosa (Asst. Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-15 |
| 17 | മരുന്നുകൾ ലഭ്യമായില്ല | 1-16 |

| | | |
|---|---|---|
| | Written By: E.Moosa (Asst. Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | |
| 18 | മഴക്കാല രോഗ നിയന്ത്രണ പരിപാടി - ചെലവ് രേഖകൾ, മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: E.Moosa (Asst. Audit Officer, On 11-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-17 |
| 19 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: E.Moosa (Asst. Audit Officer, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-18 |
| 20 | പൊതുമരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: E.Moosa (Asst. Audit Officer, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-19 |
| 21 | അഡ്വാൻസ് തുക അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.<br>Written By: Shajeer.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Sujitha.P.K (Auditor, On 16-12-2021) | 1-20 |
| 22 | കുടിവെള്ള പദ്ധതികൾ വർഷങ്ങളായിട്ടും പൂർത്തീകരിച്ചില്ല.<br>Written By: E.Moosa (Asst. Audit Officer, On 14-12-2021)<br>Last Updated By: E.Moosa (Asst. Audit Officer, On 14-12-2021) | 1-21 |
| 23 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: Shajeer.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-22 |
| 24 | വീട് പുനരുദ്ധാരണം-ജനറൽ -അപാകത<br>Written By: Shajeer.K (Senior Grade Auditor, On 14-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-23 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഇല്ല<br>Written By: Rishil.P (Audit Officer, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-24 |
| 26 | പദ്ധതി രൂപീകരണം, നിർവഹണം, മോണിറ്ററിംഗ് ചെലവ് വിവരങ്ങൾ ലഭ്യമല്ല<br>Written By: Rishil.P (Audit Officer, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-25 |
| 27 | കെ.എസ്.ഇ.ബി.യുടെ അനുമതിയില്ലാതെ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് നിയമ വിരുദ്ധം<br>Written By: Rishil.P (Audit Officer, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-26 |
| 28 | പദ്ധതി ചെലവുകൾ - അനുബന്ധ രേഖകൾ ഇല്ല<br>Written By: Rishil.P (Audit Officer, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-27 |
| 29 | രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല<br>Written By: Rishil.P (Audit Officer, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 1-28 |
| 30 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-അപാകത<br>Written By: Sujitha.P.K (Auditor, On 15-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-29 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sujitha.P.K (Auditor, On 07-12-2021) | 4-1 |

| | | |
|---|---|---|
| | Last Updated By: Sujitha.P.K (Auditor, On 07-12-2021) | |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Sujitha.P.K (Auditor, On 07-12-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Sujitha.P.K (Auditor, On 16-12-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Sujitha.P.K (Auditor, On 10-12-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Sujitha.P.K (Auditor, On 10-12-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Sujitha.P.K (Auditor, On 16-12-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sujitha.P.K (Auditor, On 07-12-2021)<br>Last Updated By: Unni.P (Deputy Director, On 04-02-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1)-16.02.2019 | --- |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 19.11.2020 | ----- | --- |

കുറിപ്പ് :-നിയമാനസൃത സമയപരിധിക്കുള്ളിൽ വാർഷികകണക്ക് സമർപ്പിച്ചിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27105506 |
| വരവ് | 58361703 |
| ആകെ | 85467209 |
| ചെലവ് | 54922738 |
| നീക്കിയിരിപ്പ് | 30544471 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായത് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 16827576 | 16827576 | 12115922 | 4711654 |
| വികസനഫണ്ട് എസ്.സി.പി. | 0 | 10670000 | 10670000 | 5896284 | 4773716 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 5370000 | 5370000 | 3367675 | 2002325 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3952000 | 3952000 | 2600856 | 1351144 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 10252527 | 10252527 | 6353996 | 3898531 |
| ബി ഫണ്ട് | 0 | 11087435 | 11087435 | 11087435 | 0 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2019-20

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് 2019-20

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക പ്രകാരം Development Fund (General)- ചെലവ് 12321804/-രൂപയാണ്. എന്നാൽ എ.സി.ആർ പ്രകാരം 12115922 /-രൂപയാണ്. (ജി.ഒ. പ്രൊജക്ട് പ്രകാരം ഡിഡക്ട് ചെയ്ത തുക205882/-രൂപ)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 285 | 87893923 | 115 | 41720866 | 128 | 42 | 40.35 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 175672 | 1257069 | 1432741 | 678510 | 754231 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13850662 | 13850662 | 13850662 | 0 |
| ആകെ | 175672 | 15107731 | 15283403 | 14529172 | 754231 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 37920 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 1318800 | 247 |
| വിധവാപെൻഷൻ | 6991200 | 1181 |
| വാർദ്ധക്യകാലപെൻഷൻ | 12391800 | 2210 |
| വികലാംഗപെൻഷൻ | 1931300 | 350 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 487800 | 87 |

## 1-8 ക്യാഷ് പരിശോധന

94-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.11.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13109/-രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ പോരായ്മകൾ ഉണ്ട്. പ്രത്യേകിച്ച് ഫയലുകളിലെ സൂക്ഷിപ്പിലും രജിസ്റ്ററുകൾ പരിപാലിക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട്. അതുകൊണ്ട് തന്നെ ഓഡിറ്റ് വേളയിൽ പല ഫയലുകളും രജിസ്റ്ററുകളും യഥാസമയങ്ങളിൽ ലഭിക്കുന്നതിൽ കാലതാമസം വന്നിരുന്നു. ലഭിച്ച രജിസ്റ്ററുകൾ പലതും അപൂർണ്ണമായതാണ്. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. അടിസ്ഥാനപരമായി പരിപാലിക്കേണ്ടതും ജീവനക്കാരുടെ വിവരങ്ങൾ ഉൾപ്പെടുന്നതുമായ മാസ്റ്റർ ഇംകംബൻസി രജിസ്റ്റർ പോലും പരിപാലിച്ചിട്ടില്ല. വാർഷിക കണക്ക് പരിശോധനയുമായി ബന്ധപ്പെട്ട് ഏതാനും രജിസ്റ്ററുകൾ (ലേല രജിസ്റ്റർ, ആസ്തി രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ഫോൺ രജിസ്റ്റർ ), റിക്കൺസിലിയേഷൻ നടത്തുന്നതിന് ആവശ്യമായ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ വാർഷിക കണക്കിൽ ഉൾപ്പെട്ട തുകകളുടെ കൃത്യത ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

വിവിധ ഏജൻസികളിൽ വിവിധ പ്രവൃത്തികൾക്കായി 8.50 ലക്ഷം രൂപയിലധികം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ ഏജൻസികളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾക്ക് വേണ്ടി പേമെന്റ് നടത്തുന്നതോടെ പ്രോജക്ടുകൾ തീരുന്ന അവസ്ഥയാണ് കാണുന്നത്. പ്രോജക്ടുകളിൽ മേൽ തുടർമോണിറ്ററിംഗ് നടക്കുന്നില്ല. സെക്രട്ടറി നിർവഹണം നടത്തിയ ഏതാനും പദ്ധതികളുടെ ചെലവിന്റെ രേഖകൾ പരിശോധക്ക് ഹാജരാക്കിയിട്ടില്ല (പ്രത്യേക ഖണ്ഡിക പരാമർശിച്ചിട്ടുണ്ട്.). തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട പ്രോജക്റ്റുകൾ നിർവഹിക്കപ്പെടുമ്പോൾ കെ.എസ്.ഇ.ബി യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കുന്നില്ല. കെ.എസ്.ഇ.ബി യുടെ അനുമതിയില്ലാതെ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നുണ്ട്. ഇത്തരം നടപടികളിൽമേൽ ഗ്രാമ പഞ്ചായത്തിന് കെ.എസ്.ഇ.ബി. യിൽ നിന്നും നോട്ടീസ് വന്നിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധിക തുക നൽകാനിടയായിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തികൾക്ക് അനുവദിച്ച തുകകൾ ,തെറ്റായ നിരക്ക് അനുവദിച്ചത് വഴിയുണ്ടായ അധിക ചെലവുകൾ , കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ പിഴ ഈടാക്കാത്തത് എന്നിവ ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ തിരിച്ചടവാക്കിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2021 | 8/2021 | 21.10.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.12.2012 | 2010-2015 | 16.01.2021,05.02.2016 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. വിവിധ ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് ബുക്ക് പ്രകാരമുള്ള ക്ലോസിംഗ് ബാലൻസ് താഴെ പറയും പ്രകാരമാണ്.

| ബാങ്ക് അക്കൗണ്ട് | ക്ലോസിംഗ് ബാലൻസ് |
|---|---|
| SBI-e Payment | 265861 |
| KGB-MGNREGA | 754231 |
| KGB-Plan | 44370 |
| TSB | 24803271 |
| KGB-TSC | 1783638 |

മേൽ കാണിച്ച അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനക്ക് ഹാജരാക്കാത്തതിനാൽ റീകൺസിലിയേഷൻ പ്രകാരമുള്ള തുകകളുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

2.ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

3.തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ എന്നിവയിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.Income &Expenditure Schedule I-14(d) യിൽ വാർദ്ധക്യ കാല പെൻഷൻ 12391800/- രൂപ ഉൾപ്പെട്ടിട്ടില്ല.

5. താഴെ പറയുന്ന ഇനങ്ങൾ B-4ഷെഡ്യൂൾ , B -17ഷെഡ്യൂൾ എന്നിവ പ്രകാരം പൊരുത്തപ്പെടുന്നില്ല.

| | B-4 | B -17 |
|---|---|---|
| MGNREGA | 719231 | 754231 |
| TSC | 737588 | 1783638 |
| Total Sanitation | 9696 | 10487 |

6. RP-47 പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾക്ക് വാട്ടർ അതോറിറ്റിക്ക 15000/- രൂപയും KSEB ക്ക് 20160/- രൂപയും അഡ്വാൻസായി കൊടുത്തിട്ടുണ്ട്.ഇവ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് വർക്കിനായി കെ.എസ്.ഇ.ബി.ക്ക് നൽകിയ 50488/-രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

7.ഓഡിറ്റ് റിക്കവറി ഇനത്തിൽ (RP-10) 1580/-രൂപയുടെ വരവുണ്ട്. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

8. RP-32 പ്രകാരം KURDFC യിൽ നിന്നുള്ള ലോണിനത്തിൽ 2698600/- രൂപയുടെ വരവും ബാലൻസ് ഷീറ്റ് B-5 പ്രകാരം ലോണിനത്തിൽ 4686836/- രൂപ അടവാക്കാൻ ബാക്കിയുണ്ട്. ഇവയുടെ ആധികാരികത പരിശോധിക്കുന്നതിന് ലോൺ രജിസ്റ്ററോ ബന്ധപ്പെട്ട ഫയലുകളോ ഹാജരാക്കിയിട്ടില്ല.

9. RP-5 പ്രകാരം ലേലമിനത്തിൽ 19150/- രൂപയുടെ വരവുണ്ട്. ബാലൻസ് ഷീറ്റ് B-7 പ്രകാരം Auction Deposit ഇനത്തിൽ 7000/- രൂപ ബാലൻസുണ്ട്.ഇവ പരിശോധിക്കാൻ ലേല രജിസ്റ്ററോ ബന്ധപ്പെട്ട ഫയലുകളോ ഹാജരാക്കിയിട്ടില്ല.

10.ആസ്തി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

11.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കാഷ് ബുക്ക് പ്രകാരമുള്ള ചെലവ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

Cash Book(Financial Statement)-13284065

AFS (I-6) -14529172

12.തൻ വർഷത്തിൽ ആർജിച്ച സ്റ്റോക്ക്,സ്റ്റോർ എന്നിവയുടെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

13.ചെലവ് പത്രിക പ്രകാരം സംയുക്ത പദ്ധതികൾക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 3813636/-രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 253420/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ

RP-7 പ്രകാരം യഥാക്രമം 2160000/-രൂപയും 250000/- രൂപയുമാണ് വരവുള്ളത്.

14.വസ്തുനികുതി AFS പ്രകാരമുള്ള DCB സഞ്ചയ പ്രകാരം DCB യും പൊരുത്തപ്പെടുന്നില്ല

| | AFS പ്രകാരം | | | സഞ്ചയ പ്രകാരം | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| വസ്തുനികുതി-പാർപ്പിടം | 2001107 | 1877935 | 118812 | 2106106 | 1949500 | 121522 |
| വസ്തുനികുതി- | 1865351 | 1783293 | 73210 | 1961383 | 1868299 | 75765 |

| പാർപ്പിടേതരം | | | | | | |
|---|---|---|---|---|---|---|

## 1-12 തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

1.സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന ചുവടെ കാണിച്ച സ്ഥാപനങ്ങൾ 2019-20സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഇരിമ്പിളിയം സർവീസ് സഹകരണ ബാങ്ക് | I & II |
| 2 | ഭാരതീയ വിദ്യാഭവൻ | I & II |
| 3 | വലിയകുന്ന് മെഡികെയർ | I & II |
| 4 | സിറ്റി ഫിനാൻസ് | I & II |
| 5 | M/S പെരിങ്ങാട്ടുതൊടിയിൽ ഹെർബൽ | I & II |
| 6 | മജ് ലിസ് ആർട്സ് & സയൻസ് കോളേജ് | I & II |

2.ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ

നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | എ.ഇ(എൽ.എസ്.ജി.ഡി) | I & II |
| 2 | ഭാരതീയ വിദ്യാഭവൻ | II |
| 3 | സിറ്റി ഫിനാൻസ് | II |
| 4 | M/S പെരിങ്ങാട്ടുതൊടിയിൽ ഹെർബൽ | II |
| 5 | ബി.എസ്.എൻ.എൽ | I |
| 6 | കെ.റ്റി.ജെ പെട്രോളിയം | I |

മേൽ അപാകത കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.9/04.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-13 രസീതികളുടെ കൗണ്ടർ ഫോയിൽ നഷ്ടപ്പെട്ടത് സംബന്ധിച്ച്

രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 06.03.2020 ന് സിൻജു റ്റി.പി (OA) എന്ന ജീവനക്കാരിക്ക് ഇഷ്യൂ ചെയ്ത രസീതി ബുക്കിലെ (ബുക്ക് നം.65203) ക്രമ നമ്പർ 1 മുതൽ 25 വരെയുള്ള രസീതികളിൽ തുക അടവാക്കിയയാളുടെ

പേരും അടവാക്കിയ തുകയും പരിശോധിക്കാൻ കഴിയാത്ത വിധം നശിപ്പിക്കപ്പെട്ടിരിക്കുന്നു. കളക്ഷൻ രജിസ്റ്റർ പ്രകാരം ടി രസീതികളുടെ കളക്ഷൻ തുക 10568/- രൂപയും രസീതി നം 18 കാൻസൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. രസീതികളുടെ കൗണ്ടർ ഫോയിൽ നശിപ്പിക്കപ്പെട്ടതിനാൽ കളക്ഷൻ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൗണ്ടർ ഫോയിൽ നശിക്കാനിടയായ സാഹചര്യം അറിയുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.4/30.11.2021) രസീതി ബുക്കുകൾ സൂക്ഷിക്കുന്ന അലമാരയിൽ എലി കയറി നശിപ്പിച്ചതിനാലാണ് രസീതിന്റെ കൗണ്ടർ ഫോയിൽ നിലവിലെ അവസ്ഥയിൽ ആയിട്ടുള്ളതെന്നും പിരിച്ചെടുത്ത തുക ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും മറുപടി നൽകിയിട്ടുണ്ട്

## 1-14 മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിലെ അപാകതകൾ -ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 35913 രൂപ തിരിച്ചടവാക്കി.

1. - ചെങ്കൽ പ്രവൃത്തിക്ക് അധിക നിരക്ക് നൽകി

ശിശു മന്ദിരത്തിൽ വനിതകൾക്ക് വിശ്രമ മുറി എന്ന പ്രവൃത്തിയുടെ 16- ാം ഇനമായി ചെങ്കല്ല് ഉപയോഗിച്ച് ചുമരിന്റെ പടവ് ചെയ്തതിന് ചീഫ് എഞ്ചിനീയർ അംഗീകരിച്ച ഒബ്സർവ്ഡ് ഡാറ്റ 50.6.7.3 പ്രകാരമുള്ള 7491.03/$m^3$ നിരക്കാണ് കരാറുകാരന് അനുവദിച്ച് നൽകിയിട്ടുള്ളത്. ഈ നിരക്ക് കെട്ടിടങ്ങളുടെ 3-ാം നില മുതൽ 5-ാം നിലവരെയുള്ള പടവിന് നൽകുന്ന നിരക്കാണ്. തറ നിരപ്പിന് മുകളിൽ 2-ാം നിലവരെയുള്ള പടവിന് ബാധകമായ ഒബ്സർവ്ഡ് ഡാറ്റ 50.6.7.2 പ്രകാരമുള്ള 6828.03/$m^3$ നിരക്കാണ് ഈ പ്രവൃത്തിക്ക് നൽകാവുന്നത്.

അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 1/2019-20 /30.11.2021 നൽകിയതിനെ തുടർന്ന് അധികം നൽകിയ 6844 രൂപ ചുവടെ കാണിച്ച രസീതികൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടവാക്കി.

| പ്രവൃത്തി | അധികംനൽകിയ തുക | രസീത് നമ്പർ |
|---|---|---|
| ശിശു മന്ദിരത്തിൽ വനിതകൾക്ക് വിശ്രമ മുറി (186/20)<br>ബിൽ 13/13.5.2019 തുക 163780<br>ബിൽ 45/30.9.2019 തുക 75642<br>കോൺട്രാക്ടർ ശ്രീ.ആനന്ദ ഘോഷ് | 6844 | 121020103223/2.12.21 |

2. യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കിയില്ല. ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് 15815 രൂപ തിരിച്ചടവാക്കി

ചുവടെ കാണിച്ച പ്രവൃത്തി കരാർ പ്രകാരമുള്ള തീയ്യതികൾക്കകം പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി 6/2019-20/1.12.2021 നൽകിയതിനെ തുടർന്ന് തുക ഗ്രാമ പഞ്ചായത്തിൽഅടവാക്കുകയുണ്ടായി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പിഴ | രസീത് |
|---|---|---|
| PHC മുറ്റം ഷീറ്റ് റൂഫിങ് (229/20)<br>ബിൽ 39/10.8.2019 തുക 303059<br>കോൺട്രാക്ടർ ശ്രീ അഹമ്മദ് ഷാഫി | 4916 | 121020103292/6.12.21 |
| തീരുനിലം വട്ടപ്പറമ്പ് കുടിവെള്ള പദ്ധതി (219/20)<br>ബിൽ 70/20.1.2020 തുക 86344<br>കരാറുകാരൻ ശ്രീ. ഷംസുദ്ധീൻ പിലാക്കോളിൽ | 10899 | 121020103389/13.12.21 |
| | 15815 | |

3. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്ക് നിരക്ക് നൽകി

ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി കെട്ടിടത്തിന് മുകളിൽ ഷീറ്റ് വിരിക്കുന്നതിനായി സ്റ്റീൽ വർക്ക് ചെയ്തതിന് ട്രസ്സ് വർക്കിന് ബാധകമായ 50.10.1 പ്രകാരമുള്ള 137.46/Kg നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ അളവ് പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവൃത്തി സിംഗിൾ സെക്ഷൻ ആണ്. സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് 50.10.2

പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്.

ഓഡിറ്റ് എൻക്വയറി 5 /19-20/1.122021 നൽകിയതിനെ തുടർന്ന് തുക ഗ്രാമ പഞ്ചായത്തിൽ അടവാക്കുകയുണ്ടായി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അധികംനൽകിയ തുക | രസീത് |
|---|---|---|
| മോസ്കോ അംഗൻവാടി കോമ്പൗണ്ട് വാൾ ( 232/20 )<br>ബിൽ 85/13.3.2020 തുക 249688<br>കോൺട്രാക്ടർ ശ്രീ മുജീബ് റഹ്മാൻ | 4913 | 121020103338/8.12.21 |

4. കുറിഞ്ഞാംകുന്ന് കുടിവെള്ള പദ്ധതി - കരാറുകാരന് അധിക തുക നൽകി

കുറിഞ്ഞാംകുന്ന് കുടിവെള്ള പദ്ധതി റിപ്പയർ എന്ന പ്രവൃത്തിയുടെ (200/20) ഇനം ഒന്ന് ആയി 5HP സബ്മെഴ്സിബിൾ മോട്ടോർ സ്ഥാപിച്ചതിന് 95000 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്ക് കരാറുകാരൻ ക്വാട്ട് ചെയ്തത് 90000 രൂപ മാത്രമാണ്. ഓഡിറ്റ് എൻക്വയറി 2/2019-20 /30.11.2021 നൽകിയതിനെ തുടർന്ന് തുക ഗ്രാമ പഞ്ചായത്തിൽഅടവാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അധികംനൽകിയ തുക | രസീത് |
|---|---|---|
| കുറിഞ്ഞാംകുന്ന് കുടിവെള്ള പദ്ധതി റിപ്പയർ (200/20)<br>ബിൽ 8/15.5.2019 തുക 95000<br>കോൺട്രാക്ടർ ശ്രീ. മുജീബ് റഹ്മാൻ | 5000 | 121020103339/8.12.21 |

5.പ്ലാസ്റ്ററിങ് - അധിക നിരക്ക് നൽകി

ചുവടെ കാണിച്ച പ്രവൃത്തികളുടെ ഭാഗമായി പ്ലാസ്റ്ററിങ് പ്രവൃത്തി ചെയ്തതിന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയതിലും അധിക അളവ് ചെയ്തതായി രേഖപ്പെടുത്തി കരാറുകാർക്ക് തുക നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറി 3/2019-20 /30.11.2021 നൽകിയതിനെ തുടർന്ന് തുക ഗ്രാമ പഞ്ചായത്തിൽഅടവാക്കുകയുണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | അധികം നൽകിയ തുക | രസീത് |
|---|---|---|
| ശിശു മന്ദിരത്തിൽ വനിതകൾക്ക് വിശ്രമ മുറി (186/20<br>ബിൽ 13/13.5.2019 തുക 163780<br>ബിൽ 45/30.9.2019 തുക 75642<br>തനത് ഫണ്ട് ചെക്ക് 418610/11.10.2020 തുക 500000<br>കോൺട്രാക്ടർ ശ്രീ.ആനന്ദ ഘോഷ് | 2002 | 121020103222/2.12.21 |
| 51,60 നമ്പർ അങ്കണവാടി മോഡൽ അങ്കണവാടി ആക്കി മാറ്റൽ (227/20) ബിൽ 34/21.8.2019 തുക 83551<br>ബിൽ 84/31.1.2020 തുക 133383<br>കോൺട്രാക്ടർ ശ്രീ.എം.മുഹമ്മദ് | 1339 | 121020103234/3.12.21 |

## 1-15 ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷത്തിൽ ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച ചുവടെ കാണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. ആയത് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ടെണ്ടർ രജിസ്റ്ററിലെ

രേഖപ്പെടുത്തൽ പ്രകാരം 2019-20 വർഷത്തിൽ ഇ -ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | കരാർ തുക | പങ്കെടുത്തവർ | ടെണ്ടർ ഫോം വില | ആകെ |
|---|---|---|---|---|---|
| 1 | മെയിന്റനൻസ് പുറമണ്ണൂർ മജ്‌ലിസ് റോഡ് (64/20) | 500000 | 2 പേർ | 1000 | 2000 |
| 2 | പ്ലാസ്റ്റിക് റിക്കവറി സെന്റർ (95/20) | 1039800 | 2പേർ | 2500 | 5000 |
| 3 | സ്റ്റോക്ക് റൂം നിർമ്മാണവും ലാബ് അടിസ്ഥാന സൗകര്യവും (68/20) | 1000000 | 2പേർ | 2000 | 4000 |
| | ആകെ | | | | 11000 |

ഓഡിറ്റ് എൻക്വയറി 16 /19-20/9.12.2021 നൽകിയതിന് – ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ടെണ്ടർ ഫോം വില തിരികെ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 മരുന്നുകൾ ലഭ്യമായില്ല

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്ന് വാങ്ങിക്കുന്നതിനായി 207120രൂപ കേരള മെഡിക്കൽ സർവ്വീസ് കോർപറേഷൻ ലിമിറ്റഡ് - ന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ രസീത്, മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമായ വിവരം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ചെക്ക് നമ്പർ | തുക |
|---|---|---|
| പരിക്ഷ പെയിൻ &പാലിയേറ്റീവ് (119/20) | 5359375/13.3.2020 | 175000 |
| ഫസ്റ്റ് എയ്ഡ് കിറ്റ് വിദ്യാലയങ്ങൾക്ക് (139/20) | 1642716/3.3.2020 | 32120 |
| ആകെ | | 207120 |

ഓഡിറ്റ് എൻക്വയറി 14/19-20/7.12.2021 നൽകിയതിന് – മരുന്നുകൾ ഇതേവരെ ലഭ്യമായിട്ടില്ലെന്നും, മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 മഴക്കാല രോഗ നിയന്ത്രണ പരിപാടി - ചെലവ് രേഖകൾ, മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രാഥമികാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മഴക്കാല രോഗ നിയന്ത്രണ പരിപാടി (124/20) എന്ന പ്രൊജക്ടിൽ ഉൾപെടുത്തി ചുവടെ കാണിച്ച പ്രകാരം വിവിധ ചെലവുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ചെലവുകളുടെ വിശദാംശങ്ങൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തുക | ചെലവിനം | ആവശ്യമായ രേഖകൾ |
|---|---|---|---|
| 303997 /12.12.2019 | 28130 | 29 ബോധവൽകരണ ബോർഡുകൾ സ്ഥാപിച്ചതിനുള്ള ചെലവ് | ബോർഡുകൾ എവിടെ സ്ഥാപിച്ചു എന്നതിന്റെ രേഖകൾ |
| 1642706/6.2.2020 | 26400 | മഴക്കാല രോഗ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി PHCയിൽ ക്ലീനിങ് പ്രവൃത്തി ചെയ്തതിന് 4 പേർക്ക് പ്രതിദിനം 150 രൂപ വീതം 176ദിവസത്തിന് നൽകിയത്. | ഏത് ദിവസങ്ങളിൽആണ് ജോലി ചെയ്തതെന്ന് കാണിക്കുന്ന മസ്റ്റർ റോൾ, എന്ത് ജോലി, എവിടെയായിരുന്നു ജോലി എന്നിവ കാണിക്കുന്ന വിശദാംശങ്ങൾ ഇല്ല. |

| | | | |
|---|---|---|---|
| ആകെ | 54530 | | |

ഓഡിറ്റ് എൻക്വയറി 13/19-20/7.12.2021 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കുന്നതുവരെ 54530 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-18 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികൾ കരാർ പ്രകാരമുള്ള തീയ്യതികൾക്കകം പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്ന് നിയമാനുസൃതം ഈടാക്കേണ്ട പിഴ ഈടാക്കാതെയാണ് ബിൽ തുക കരാറുകാരന് നൽകിയിട്ടുള്ളത്.

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്. കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല.

പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 15/2019-20/9.12.2021 നൽകിയതിന് - പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരനിൽ നിന്ന് പിഴ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും പിഴ അടവാക്കുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഈടാക്കേണ്ട പിഴ |
|---|---|
| 1. ആല്ലംകൂട്ടം കുടിവെള്ള പദ്ധതി പൂർത്തീകരണം ( 203/20)<br>ബിൽ 12/10.5.2019 തുക 90674 അളവ് പുസ്തകം 10<br>കരാറുകാരൻ ശ്രീ. മുജീബ് റഹ്മാൻ.പി<br>കരാർ. 54/5.12.2017<br>പൂർത്തീകരിക്കേണ്ട തീയ്യതി 31.3.2018<br>(എഗ്രിമെന്റ് രജിസ്റ്റർ പേജ് 38).<br>പൂർത്തീകരിച്ച തീയ്യതി 11.3.2019<br>കരാർ തുക – 90674/- | 1.4.2018-306.2018 (1%) 907<br>1.7.2018-30.9.2018 (2%) 1813<br>1.10.2018-31.12.2018 (2%) 1813<br>1.1.2019-10.3.2019 (2%) 1390<br>ആകെ 5923 |
| 2. പടിഞ്ഞാറ്റുമുറി കുടിവെള്ള പദ്ധതി റിപ്പയർ ( 204/20)<br>ബിൽ 14/10.5.2019 തുക 99078<br>അളവ് പുസ്തകം. നമ്പർ രേഖപ്പെടുത്തിയിട്ടില്ല<br>കരാറുകാരൻ ശ്രീ. മുജീബ് റഹ്മാൻ.പി<br>കരാർ. 63/5.12.2017<br>പൂർത്തീകരിക്കേണ്ട തീയ്യതി 31.3.2018<br>(എഗ്രിമെന്റ് രജിസ്റ്റർ പേജ് 38).<br>പൂർത്തീകരിച്ച തീയ്യതി 14.3.2019<br>കരാർ തുക – 99078 | 1.4.2018-30.6.2018 (1%) 991<br>1.7.2018-30.9.2018 (2%) 1982<br>1.10.2018-31.12.2018 (2%) 1982<br>1.1.2019-13.3.2019 (2%) 1585<br>ആകെ 6540 |
| 3. തിരുനിലം പുളിയമ്പറ്റക്കുഴി റോഡ് പുനരുദ്ധാരണം (218/20) ബിൽ 89/13.3.2020 തുക 200000<br>ബിൽ 90/13.3.2020 തുക 90974 | 1.4.2018-30.6.2018 (1%) 2910<br>1.7.2018-30.9.2018 (2%) |

| | |
|---|---|
| | 5819 |
| അളവ് പുസ്തകം 97/19-20 കരാർ. 23/3.11.2017<br>കരാറുകാരൻ ശ്രീ. മുജീബ് റഹ്മാൻ.പി<br>പൂർത്തീകരിക്കേണ്ട തീയ്യതി 31.3.2018<br>(എഗ്രിമെന്റ് രജിസ്റ്റർ പേജ് 31) .<br>പൂർത്തീകരിച്ച തീയ്യതി 23.5.2019<br>കരാർ തുക – 290974/- | 1.10.2018-31.12.2018 (2%) 5819<br>1.1.2019-31.3.2019 (2%) 5819<br>1.4.2019-22.5.2019 (2%) 3362<br>ആകെ 23729 |

## 1-19 പൊതുമരാമത്ത് പ്രവൃത്തികൾ - അാകതകൾ

I. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി സൂക്ഷിക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങളും ഉത്തരവുകളും പാലിക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാഷ് ബുക്ക് സൂക്ഷിക്കുന്നതിലെ അപാകതകൾ.

GO(P) 177/2006 തീയ്യതി 12.4.2006 ഉത്തരവ് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും TR7A മാതൃകയിൽ ഒരു കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്. ജീവനക്കാരുടെ ശമ്പളവും മറ്റ് സാമ്പത്തിക ഇടപാടുകളും, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള വരവ് ചെലവുകളും ഉൾപ്പെടെ എല്ലാ വരവ് ചെലവ് കണക്കുകളും ഈ കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്ന് ലഭിക്കുന്ന തുകകളുടെ വരവ് ചെലവ് മാത്രം രേഖപ്പെടുത്താൻ പ്രത്യേകമായി ഒരു സബ്സീഡിയറി കാഷ് ബുക്കും തയ്യാറാക്കേണ്ടതാണ്. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയർ TR7A മാതൃകയിൽ കാഷ് ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല. കൂടാതെ കാഷ് ബുക്കിൽ ഏത് തീയ്യതിയിലാണ് പണമിടപാടുകൾ നടന്നതെന്ന് രേഖപ്പെടുത്തുന്നുമില്ല. പണമിടപാടുകൾ ഇല്ലാത്ത തീയ്യതിയിൽ അക്കാര്യം രേഖപ്പെടുത്തണമെന്ന നിർദ്ദേശവും പാലിക്കുന്നില്ല. കാഷ് ബുക്കിൽ ദിവസേന/മാസാന്ത/വാർഷിക ക്ലോസിങ്ങും രേഖപ്പെടുത്തുന്നില്ല. കാഷ് ബുക്കിലെ രേഖപ്പെടുത്തൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

2. സെലക്ഷൻ നോട്ടീസിൽ തീയ്യതി രേഖപ്പെടുത്തുന്നില്ല.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിച്ചതായ അറിയിപ്പ് നോട്ടീസ് ( സെലക്ഷൻ നോട്ടീസ്) കൈപറ്റിയ തീയ്യതി മുതൽ 14 ദിവസത്തിനകം പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച് കരാർ ഒപ്പ് വെക്കണമെന്നും, 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ ഉടമ്പടി വെച്ചില്ലെങ്കിൽ കരാർ തുകയുടെ 1% പിഴ ഈടാക്കി -മിനിമം 1000 പരമാവധി 25000 -കരാറുടമ്പടി വെക്കാം എന്നും കേരള പൊതു മരാമത്ത് മാന്വൽ ഖ. 2009-6 ൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത തീയ്യതി നോട്ടീസ് കൈപറ്റിയ തീയ്യതിയായി കണക്കാക്കുന്നതാണ് എന്നും ഖണ്ഡികയിൽ ഉണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ കരാറുകാർക്ക് നൽകിയ ഭൂരിഭാഗം സെലക്ഷൻ നോട്ടീസിലും തീയ്യതി രേഖപ്പെടുത്തിയിട്ടില്ല. ഇത് സർക്കാർ നിർദ്ദേശങ്ങളുടെ ലംഘനമാണ്. തീയ്യതി രേഖപ്പെടുത്താത്തത് കാരണം കരാറുകാർ നിശ്ചിത തീയ്യതിക്കകം കരാർ ഒപ്പ് വെച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. എഗ്രിമെന്റ് രജിസ്റ്ററിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്ന എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണ വിവരം രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ 2017-18 വരെ പൂർത്തീകരണ വിവരം രേഖപ്പെടുത്തിയിരുന്നു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ പൂർത്തീകരണ തീയ്യതി ഒഴികെ മറ്റ് പ്രസക്തമായ വിവരങ്ങളെല്ലാം രേഖപ്പെടുത്തുകയും പൂർത്തീകരണ തീയ്യതി രേഖപ്പെടുത്തേണ്ട കോളം ഒഴിച്ചിടുകയും ചെയ്തത് ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. മരാമത്ത് പ്രവൃത്തികൾ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാതിരിക്കുന്ന കരാറുകാരിൽ നിന്ന് സർക്കാർ നിശ്ചയിച്ച പിഴ ഈടാക്കാതിരിക്കാനുള്ള ഈ നടപടി ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

II. മറ്റ് അപാകതകൾ

1. പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2019-20 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 187പദ്ധതികൾ തയ്യാറാക്കിയതിൽ 95 പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ചെലവ് ഉള്ളത്. 52 പദ്ധതികളുടെ ബില്ലുകൾ സമർപ്പിച്ചിരുന്നു എങ്കിലും ആയത് ട്രഷറി ക്യൂവിൽ ആയതിനാൽ തൻവർഷം ചെലവ് വന്നിട്ടില്ല. 60പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയതിൽ 11 പദ്ധതികൾ ഈ വർഷം നടപ്പിലാക്കുകയുണ്ടായില്ല. സ്പിൽ ഓവർ പദ്ധതികൾ അതാത് വർഷം പൂർത്തീകരിക്കണമെന്ന നിബന്ധന പാലിക്കാൻ

ഗ്രാമ പഞ്ചായത്തിനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 187 | ആകെ അടങ്കൽ | 35745857 |
| തൻവർഷം ചെലവുള്ളത് | 95 | ചെലവ് | 15365108 |
| ശതമാനം | 50.80% | ചെലവ് ശതമാനം | 42.98% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ പ്രോജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രോജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

2. നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം. കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

1996 ലെ The Building And Other Construction Workers' Welfare Cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building And Other Construction Workers' Welfare Cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ ഗ്രാമ പഞ്ചായത്ത് നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3.റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാ ക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രോജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രോജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രോജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

4. പ്രവൃത്തി പൂർത്തീകരിച്ച ശേഷം അവശിഷ്ടങ്ങൾ, ബാക്കി വരുന്ന സാമഗ്രികൾ, താത്കാലിക നിർമ്മിതികൾ എന്നിവ നീക്കം ചെയ്ത് സൈറ്റ് ക്ലീൻ ചെയ്ത ശേഷം ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർക്ക് തിരിച്ചേൽപിക്കണമെന്ന് കേരള പൊതു മരാമത്ത് മാന്വൽ ഖ.2119 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സൈറ്റ് കൈമാറിയതിന്റെ രേഖകൾ മിക്ക ഫയലുകളിലും ഉണ്ടെങ്കിലും പ്രവൃത്തി പൂർത്തിയാക്കി സൈറ്റ് തിരിച്ചേൽപിച്ചതിന്റെ രേഖകൾ ഒരു പ്രവൃത്തിയുടെയും ഫയലിൽ ഇല്ല. മരാമത്ത് പ്രവൃത്തി ഫയലുകളോടൊപ്പം കേരള പൊതു മരാമത്ത് മാന്വൽ നിർദ്ദേശിക്കും പ്രകാരമുള്ള മുഴുവൻ രേഖകളും ഉള്ളടക്കം ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 അഡ്വാൻസ് തുക അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ "വിദ്യാലയത്തിലേക്ക് എസ്.എം.എസ്. സംവിധാനം"(157/ 2019-20) എന്ന പദ്ധതി പ്രകാരം, വിദ്യാർഥികളുടെ ലീവ് വിവരം SMS ആയി രക്ഷിതാക്കളെ അറിയിക്കുന്നതിനുള്ള എസ്.എം.എസ്. സംവിധാനം വിദ്യാലയങ്ങളിൽ ഏർപ്പെടുത്തുന്നതിന് ഒരു വർഷത്തേക്കുള്ള സർവീസ് ചാർജ് ആയി, തനതു ഫണ്ടിൽ നിന്നും 62717 രൂപ (ചെക്ക് നം: JF 3103998/ 12.12.2019) IKM ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഒരു വർഷത്തേക്കുള്ള സർവ്വീസ്

ചാർജ് അഡ്വാൻസ് ആയി നൽകി സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്തതിന് (12.12.2019) ശേഷം ഏകദേശം 4 മാസക്കാലം മാത്രമേ ആയത് ഉപയോഗപ്പെടുത്തിയിട്ടുള്ളൂ. ഉപയോഗപ്പെടുത്താൻ കഴിയാതിരുന്ന കാലത്തെ സർവ്വീസ് ചാർജ് തുടർ വർഷത്തേക്ക് അഡ്ജസ്റ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരവും, നിലവിൽ ഈ എസ്.എം.എസ്. സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന വിവരവും ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് ഹെഡ്മാസ്റ്റർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21 /10.12.2021) നൽകിയ മറുപടിയിൽ കോവിഡ് നിയന്ത്രണങ്ങൾ നിലനിൽക്കുന്നതിനാൽ നിലവിൽ ഈ സംവിധാനം ഉപയോഗപ്പെടുത്തുന്നില്ല എന്നും, സ്കൂൾ പൂർണ്ണ തോതിൽ പ്രവർത്തിക്കുന്ന മുറക്ക് പ്രസ്തുത സംവിധാനം പ്രയോജനപ്പെടുത്തുമെന്നും അറിയിച്ചു.

ഒരു വർഷത്തേക്കുള്ള സർവ്വീസ് ചാർജ് അഡ്വാൻസ് ആയി നൽകി സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്തതിന് (12.12.2019) ശേഷം ഏകദേശം 4 മാസക്കാലം മാത്രമേ ആയത് ഉപയോഗപ്പെടുത്തിയിട്ടുള്ളൂ എന്നതിനാൽ , ഉപയോഗപ്പെടുത്താൻ കഴിയാതിരുന്ന കാലത്തെ സർവ്വീസ് ചാർജ് തുടർ വർഷത്തേക്ക് അഡ്ജസ്റ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 കുടിവെള്ള പദ്ധതികൾ വർഷങ്ങളായിട്ടും പൂർത്തീകരിച്ചില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കൊടലോടിപ്പറമ്പ് എസ്.സി.കോളനി കുടിവെള്ള പദ്ധതി (202/20), കുറിഞ്ഞാംകുന്ന് കുടിവെള്ള പദ്ധതി റിപ്പയർ (200/20) എന്നീ പ്രവൃത്തികൾ കരാർ വെച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പൂർത്തീകരിച്ച് പ്രവർത്തനകഷമമാക്കിയിട്ടില്ല. ജനങ്ങൾക്ക് ഏറ്റവും അത്യാവശ്യമായ കുടിവെള്ളം എത്തിക്കുന്നതിനുള്ള ഈ പദ്ധതികളുടെ കരാർ ഒപ്പ് വെച്ചിട്ടുള്ളത് 2018 മാർച്ച് മാസത്തിലാണ്. രണ്ട് പ്രവൃത്തികളിലും മോട്ടോർ മാറ്റി വെക്കുന്ന പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ തുടർന്ന് ചെയ്യേണ്ട പമ്പിങ് മെയിൻ, വിതരണ പൈപ്പുകൾ എന്നിവ സ്ഥാപിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിന് കരാർ ഒപ്പ് വെച്ച് ഏകദേശം 4 വർഷമായിട്ടും കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥനോ, ഗ്രാമ പഞ്ചായത്തോ കരാറുകാരനുമായി സംസാരിച്ചതിന്റെയോ മറ്റ് നിയമാനുസൃത നടപടികൾ സ്വീകരിച്ചതിന്റെയോ വിവരം ഫയലിൽ ഇല്ല.

ഓഡിറ്റ് എൻക്വയറി 2/2019-20 /30.11.2021, 17/2019-20 /9.12.2021 എന്നിവയിലൂടെ വിശദീകരണം ആവശ്യപ്പെട്ടതിന് - രണ്ട് പ്രവൃത്തികളും 2021-22 സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ പദ്ധതിയായി ഉൾപെടുത്തിയിട്ടുണ്ടെന്നും പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

പ്രവൃത്തി പൂർത്തീകരിച്ച് പദ്ധതികൾ പ്രവർത്തനക്ഷമമാക്കിയതിന്റെ വിവരം ഈ ഓഡിറ്റിനുള്ള പ്രഥമ മറുപടിയോടൊപ്പം ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പാർട്ട് ബിൽ പ്രകാരമുള്ള പ്രവൃത്തി ചെയ്തത് |
|---|---|
| കൊടലോടിപ്പറമ്പ് എസ്.സി.കോളനി കുടിവെള്ള പദ്ധതി (202/20)<br>അടങ്കൽ - 200000 (പ്ലാൻ-എസ്.സി.പി)<br>ബിൽ 9/15.5.2019 തുക 90000<br>അളവ് പുസ്തകം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.<br>കരാറുകാരൻ ശ്രീ. മുജീബ് റഹ്മാൻ.പി<br>കരാർ. 91/17.3.2018<br>പൂർത്തീകരിക്കേണ്ട തീയ്യതി 17.3.2019 (എഗ്രിമെന്റ് രജിസ്റ്റർ പേജ് 42 )<br>കോസ്റ്റ് ഇൻഡക്സ് 37.25% | 14.3.2019 |
| കുറിഞ്ഞാംകുന്ന് കുടിവെള്ള പദ്ധതി റിപ്പയർ (200/20)<br>ബിൽ 8/15.5.2019 തുക 95000<br>കരാർ 93/17.3.2018<br>പൂർത്തീകരിക്കേണ്ട തീയ്യതി 17.3.2019 (എഗ്രിമെന്റ് രജിസ്റ്റർ പേജ് 43 ) | 18.3.2019 |

| | |
|---|---|
| അളവ് പുസ്തകം . നമ്പർ രേഖപ്പെടുത്തിയിട്ടില്ല.<br>കോൺട്രാക്ടർ ശ്രീ. മുജീബ് റഹ്മാൻ<br>കോസ്റ്റ് ഇൻഡക്സ് 37.25% | |

## 1-22 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ 2018-19 ലെ "ലൈഫ് മിഷൻ ഭവന നിർമ്മാണം-ജനറൽ" എന്ന പദ്ധതിയുടെ (5/208-19) ഭാഗമായി ഭവന നിർമ്മാണത്തിന് അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദ വിവരം ചുവടെ:

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | ബിൽ നം/തിയ്യതി |
|---|---|---|---|
| 1. | ആമിന കരണത്ത് പള്ളിയാലിൽ | 40,000 | 5/30.8.2018 |
| 2. | മിനിത, ചക്കാലം കുന്നത്ത് | 40,000 | 5/30.8.2018 |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനോ, അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിനോ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കാനാവശ്യപ്പെട്ട് വി.ഇ.ഒ. ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/ 9.12.2021) നൽകിയ മറുപടിയിൽ , നിശ്ചിത സമയ പരിധിക്കുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും അഡ്വാൻസ് തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നതായി (10.12.2019 ന് കത്ത് അയച്ചതായി) അറിയിച്ചു. അഡ്വാൻസ് തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 വീട് പുനരുദ്ധാരണം-ജനറൽ -അപാകത

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായ "വീട് പുനരുദ്ധാരണം-ജനറൽ"(133/ 2019-20) എന്ന പദ്ധതി പ്രകാരം വീട് പുനരുദ്ധാരണത്തിന് തുക കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കളുടെ വീട് പുനരുദ്ധാരണം നടത്തിയതിന്റെ Valuation Certicate ഹാജരാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് വി.ഇ.ഒ ക്ക് ഓഡിറ്റ് എൻക്വയറി (18/9.12.2021) നൽകിയതിന്റെ അടിസ്ഥാനത്തിൽ ചില ഗുണഭോക്താക്കളുടെ രേഖകൾ ഹാജരാക്കി. Valuation Certicate ഹാജരാക്കാനവശേഷിക്കുന്ന ഗുണഭോക്താക്കളുടെ വിശദ വിവരം ചുവടെ:

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക, ബിൽ നം/തിയ്യതി |
|---|---|---|
| 1. | നാസർ, മണ്ണത്ത് | 12500 ( 1/27.11.2019) |
| 2. | ഭവാനി, വെള്ളാരം പറമ്പിൽ | 12500 (1/ 27.11.2019) |
| 3. | ഉണ്ണികൃഷ്ണൻ, കൊങ്ങത്ത് വളപ്പിൽ | 12500 ( 1/27.11.2019) |
| 4. | മൊയ്തീൻ പടപ്പയിൽ | 12500 ( 1/27.11.2019), 12500 (1/18.2.2020) |
| 5. | ചക്കു, ചേർക്കാപറമ്പിൽ | 12500 ( 1/27.11.2019), 12500 (1/18.3.2020) |
| 6. | വീരഭദ്രൻ | 12500 (8/22.11.2019 ) |

പ്രസ്തുത ഗുണഭോക്താക്കളുടെ Valuation Certificate കൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

## 1-24 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഇല്ല

താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

| ക്രമ നം | പ്രവൃത്തി | തുക | ബിൽ / ചെക്ക് | റിമാർക്സ് |
|---|---|---|---|---|
| 1. | പുറമണ്ണൂർ-അഗരിക്കടവ് റോഡിലെ പോസ്റ്റ് മാറ്റിവക്കൽ<br>പ്രോജക്റ്റ് - 147/20<br>ഫണ്ട് - CFC Grant | 50488 | 23/31.1.20 -7950<br>26/2.3.20 - 42538 | അസി.എഞ്ചിനീയർ<br>ഇലക്ട്രിക്കൽ സെക്ഷൻ<br>KSEB,എടയൂർ |
| 2. | SSA വിഹിതം നൽകിയത്<br>പ്രോജക്റ്റ് - SO143/20<br>ഫണ്ട് - പ്ലാൻ (G) | 6,00,000 | 8/4.9.19 | ജില്ലാ പ്രോജക്റ്റ് ഓഫീസർ<br>മലപ്പുറം |
| 3. | SSA വിഹിതം നൽകിയത്<br>പ്രോജക്റ്റ് - SO180/20<br>ഫണ്ട് - പ്ലാൻ (SCP) | 2,00,000 | 9/4.9.19 | ജില്ലാ പ്രോജക്റ്റ് ഓഫീസർ<br>മലപ്പുറം |
| | ആകെ | 8,50,488 | | |

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 10 /7.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക തടസ്സം ചെയ്യുന്നു. പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-25 പദ്ധതി രൂപീകരണം, നിർവഹണം, മോണിറ്ററിംഗ് ചെലവ് വിവരങ്ങൾ ലഭ്യമല്ല

പ്രോജക്റ്റ് - 1/2020

ഫണ്ട് - തനത്

ചെലവ് - 1,24,698

2019-20 വർഷത്തെ പദ്ധതി രൂപീകരണം, നിർവഹണം, മോണിറ്ററിംഗുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ചെലവുകളുടെ അനുബന്ധരേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| തുക | ചെക്ക് | റിമാർകസ് |
|---|---|---|
| 19360 | 012836/18.2.20 | പദ്ധതി രൂപീകരണം , ദുരന്തനിവാരണ പരിശീലനം |
| 16000 | 012840/18.2.20 | ഗ്രാമസഭ യോഗം ചെലവ് |
| 20650 | 012879/2.3.20 | വികസന സെമിനാർ |
| 17000 | 012884/10.3.20 | ഗ്രാമസഭ യോഗം ചെലവ് |
| 2520 | 012890/11.3.20 | ബാനർ പ്രിന്റിംഗ് ചാർജ് |
| 5437 | 012890/11.3.20 | റിഫ്രഷ്മെന്റ് |
| 29131 | 012895/17.3.20 | പരസ്യചെലവ് |
| 14600 | 012947/31.3.20 | ഗ്രാമസഭ നോട്ടീസ് |
| ആകെ 1,24,698 | | |

2019-20 വർഷത്തെ ചെലവ് പത്രിക പ്രകാരം പദ്ധതി രൂപീകരണം, നിർവഹണം, മോണിറ്ററിംഗുമായി ബന്ധപ്പെട്ട ചെലവ് 120332 രൂപയാണ് കാണുന്നത്. എന്നാൽ യഥാർത്ഥ ചെലവ് 1,24,698 രൂപയാണ്. ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 111 /7.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-26 കെ.എസ്.ഇ.ബി.യുടെ അനുമതിയില്ലാതെ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് നിയമ വിരുദ്ധം

ഇരിമ്പിളിയം ഗ്രാമ പഞ്ചായത്ത് അനതികൃതമായി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി വളാഞ്ചേരിയുടെ 13.3.20 തിയതിയിലെ ഡി.ബി.നോട്ടീസ് / സ്ട്രീറ്റ് ലൈറ്റ് /19-20 /453 നമ്പർ കത്ത് പ്രകാരം വളാഞ്ചേരി സെക്ഷൻ ഓഫീസിന്റെ പരിധിയിൽ ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിന്റെ കീഴിലായി അനുമതിയില്ലാതെ നിരവധി തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി സ്ഥല പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടെന്നും സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സെക്ഷൻ ഓഫീസുകളുടെ അനുമതിയോട് കൂടി സ്റ്റാൻഡേഡ് രീതിയിൽ മാത്രമേ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ പാടുള്ളൂ എന്നും, ആയതിനാൽ അനുമതിയില്ലാതെ സ്ട്രീറ്റ് ലൈറ്റുകളുടെ കണക്ഷൻ വിച്ഛേദിച്ചതായി അറിയിക്കുന്നു എന്നും, കൂടാതെ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിനാവശ്യമായ അപേക്ഷ സെക്ഷൻ ഓഫീസിൽ സമർപ്പിച്ച് പുതിയ വൈദ്യുതി കണക്ഷൻ എടുക്കുന്നതിനാവശ്യമായ നടപടി എത്രയും വേഗം കൈകൊള്ളേണ്ടതാണ് എന്നും അറിയിച്ചിട്ടുണ്ട്. മീറ്ററുകൾ ഇല്ലാതെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നത് നിയമ വിരുദ്ധമാണ് എന്നും അറിയിച്ചിട്ടുണ്ട്. നിയമ വിരുദ്ധമായി സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകൾ അഴിച്ച് മാറ്റണമെന്ന് ആവശ്യപ്പെട്ട് 30-05-2020ന് കെ.എസ്.ഇ.ബി ഓർമ്മക്കുറിപ്പ് ( ഡി.ബി.നോട്ടീസ് / സ്ട്രീറ്റ് ലൈറ്റ് /20-21 /32) അയച്ചിട്ടുണ്ട്. 2019 -20 വർഷത്തിൽ തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരം പദ്ധതികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്

| പ്രോജക്റ്റ് | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 148/20 | പുതിയ തെരുവ് വിളക്ക് സ്ഥാപിക്കൽ | 2,00,000 | ഇല്ല |
| 158/20 | എസ്.സി.കോളനികളിലെ സോളാർ ലൈറ്റുകൾ, സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ | 1,75,000 | ഇല്ല |
| SO210/20 | വലിയകുന്ന് ഹൈമാസ്റ്റ് ലൈറ്റ് (AMC) | 24280 | ഇല്ല |
| SO212/20 | സോളാർ തെരുവ് വിളക്ക് സ്ഥാപിക്കൽ (മങ്കേരി) | 1,00,000 | 99500 |
| SO213/20 | തെരുവ് വിളക്ക് റിപ്പയർ | 2,00,000 | 2,00,000 |
| 322/20 | തെരുവ് വിളക്ക് റിപ്പയർ | 1,30,000 | ഇല്ല |

പ്രോജക്റ്റ് നമ്പർ SO212/20, SO213/20 എന്നിവയുടെ ഫയൽ പരിശോധിച്ചതിൽ ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വേണ്ടി കെ.എസ്.ഇ.ബി.യിൽ സൂപ്പർവിഷൻ ചാർജ് അടവാക്കിയതായി കാണുന്നില്ല. മേൽ പദ്ധതികളിൽ നിർവഹണം നടത്തിയ പ്രവൃത്തികളും തൻവർഷത്തിൽ ചെലവഴിക്കാത്തതും തുടർ വർഷത്തിൽ സ്പിൽ ഓവർ ആയി നടപ്പാക്കപ്പെട്ട പ്രവൃത്തികളും കെ.എസ്.ഇ.ബി യുടെ അനുമതിയോടു കൂടി മാത്രം പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. നിലവിൽ സ്ട്രീറ്റ് ലൈറ്റുകളുടെ കണക്ഷൻ വിഛേദിച്ചിട്ടുണ്ടെങ്കിൽ ആയത് പുനസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No.22/14.12.21 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിന്മേലുള്ള തുടർനടപടി വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-27 പദ്ധതി ചെലവുകൾ - അനുബന്ധ രേഖകൾ ഇല്ല

താഴെ പറയുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

| പ്രവൃത്തി | തുക | ബിൽ / ചെക്ക് | റിമാർക്സ് |
|---|---|---|---|
| IKM ന് തുക അടവാക്കിയത്<br>പ്രോജക്റ്റ് - SO002/20<br>ഫണ്ട് - പ്ലാൻ (G) | 83,240 | 10/4.9.19 | രസീത് ലഭ്യമാക്കിയിട്ടില്ല. |
| പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവൽക്കരണം<br>പ്രോജക്റ്റ് - SO132/20<br>ഫണ്ട് - തനത് ഫണ്ട് | 1,30,477 | 3103999/13.12.19 | പദ്ധതിയുടെ ഭാഗമായി 3 കമ്പ്യൂട്ടർ 1 പ്രിന്റർ എന്നിവ വാങ്ങുന്നതിന് കെൽട്രോണിന് തുക അനുവദിച്ചു.<br>3 കമ്പ്യൂട്ടർ 1 പ്രിന്റർ എന്നിവ കിട്ടിയതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരം ലഭ്യമാക്കിയിട്ടില്ല. |
| ആകെ | 2,13,717 | | |

ചെലവ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 12 /7.12.21) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സം ചെയ്യുന്നു.

## 1-28 രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല

1. തെരുവു വിളക്കുകളുമായി ബന്ധപ്പെട്ട പരാതി രജിസ്റ്റർ

തെരുവു വിളക്കുകളുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല. ഏതാനും പോസ്റ്റുകളുടെ നമ്പർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പരാതി നൽകിയ വ്യക്തിയുടെ പേര്, തിയതി, പോസ്റ്റ് നമ്പർ, സ്ഥലം എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

2. ലേല രജിസ്റ്റർ

ലേല രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല

3. ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ തയ്യാറാക്കുകയോ ഡിജിറ്റലൈസ് ചെയ്തു വക്കുകയോ ചെയ്തിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

4. ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല

5. ഗ്രാമ പഞ്ചായത്തിലെ വിവിധ ഓഡിറ്റുകളുടെ ഓഡിറ്റ് തടസ്സങ്ങളും തീർപ്പാക്കിയ വിവരങ്ങളും കാണിച്ചു കൊണ്ടുള്ള ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ.

വിവിധ ഓഡിറ്റുകളുടെ ഓഡിറ്റ് തടസ്സങ്ങളും തീർപ്പാക്കിയ വിവരങ്ങളും കാണിച്ചു കൊണ്ടുള്ള ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല. അതുകൊണ്ട് തന്നെ തീർപ്പാക്കാൻ ബാക്കിയുള്ള തടസ്സങ്ങളുടെ വിവരങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

6. ലോൺ രജിസ്റ്റർ

ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി വായ്പ എടുത്തിട്ടുണ്ടെങ്കിലും എടുത്ത വായ്പ തുക, തിരിച്ചടവ് വിവരം , ബാക്കി അടക്കേണ്ട തുക എന്നിവ കാണിച്ച് ലോൺ രജിസ്റ്റർ എഴുതി തയ്യാറാക്കിയിട്ടില്ല.

7.വൈദ്യുതി ചാർജ് രജിസ്റ്റർ,വാട്ടർ ചാർജ് രജിസ്റ്റർ

വൈദ്യുതി ചാർജ് രജീസ്റ്റർ,വാട്ടർ ചാർജ് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

8.ഹാർഡ് വെയർ മെയ്ന്റനൻസ് രജിസ്റ്റർ

ഹാർഡ് വെയർ മെയ്ന്റനൻസ് രജിസ്റ്റർ അപൂർണ്ണമാണ്. ഹാർഡ് വെയർ മെയ്ന്റനൻസ് രജിസ്റ്ററിൽ ബിൽ നമ്പർ, സപ്ലൈ ചെയ്ത തിയതി, വാറന്റി കാലയളവ്, AMC കാലയളവ് എന്നിവ രേഖപ്പെടുത്തുന്നില്ല.

9.മാസ്റ്റർ ഇങ്കുമ്പൻസി രജിസ്റ്റർ

ജീവനക്കാരുടെ പേര്,മേൽവിലാസം, ജോലി ചെയ്ത കാലയളവ് എന്നിവ ഉൾപ്പെടുത്തി മാസ്റ്റർ ഇങ്കുമ്പൻസി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

10. ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ അപൂർണ്ണമാണ്.

11.അഡ്വാൻസ് രജിസ്റ്റർ

അഡ്വാൻസ് രജിസ്റ്റർ അപൂർണ്ണമാണ്.

ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്ററുകളുകൾ കൃത്യമായി പരിപാലിക്കേണ്ടതാണ്.

12. തെരുവ് വിളക്ക് രജിസ്റ്ററിൽ വാങ്ങുന്ന തെരുവ് വിളക്കുമായി ബന്ധപ്പെട്ട ബിൽ/ഇൻവോയ്സ് നമ്പർ,കരാർ നമ്പർ, വാറന്റി കാലയളവ് എന്നിവ എഴുതുന്നില്ല.

മറ്റ് നിർവഹണ ഉദ്യോഗസ്ഥരുടെ രജിസ്റ്റർ

മെഡിക്കൽ ഓഫീസർ (ഹോമിയോ)

TR 7A കാഷ് ബുക്കിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകുന്ന തുകകളുടെ വിവരം ഉൾപ്പെടുത്തുന്നില്ല.

പ്രോജക്റ്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ (ആയുർവേദം)

TR 7A കാഷ് ബുക്കിൽ ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകുന്ന തുകകളുടെ വിവരം ഉൾപ്പെടുത്തുന്നില്ല.

മേൽ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

### 1-29 മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ-അപാകത

പ്രൊജക്ട് നം-137/20

അടങ്കൽ-95000

ചെലവ്-95000/-

ബിൽ നം/തീയതി-15/19-20-30.12.2019

മൃഗാശുപത്രിയിലേക്ക് മരുന്നുവാങ്ങൽ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ പദ്ധതി നടപ്പാക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 25.10.2019 2.00 Pm നും ക്വട്ടേഷൻ തുറക്കുന്ന സമയം 25.10.2019 3.00 Pm നും ആണെന്ന ക്വട്ടേഷൻ നോട്ടീസ് പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.. ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനങ്ങളും ക്വട്ടേഷൻ സ്വീകരിച്ച തീയതിയും താഴെ കൊടുക്കുന്നു.

| ക്വട്ടേഷനിൽ പങ്കെടുത്ത സ്ഥാപനങ്ങൾ | ക്വട്ടേഷൻ സ്വീകരിച്ച തീയതി |
|---|---|
| Cure & Care Agencies,Palakkad | 23.10.2019 10.00 Am |
| Simla Medicals,Shornur | 24.10.2019 2.00 Pm |
| Avittam Medicals,Kulappully | 24.10.2019 11.00 Am |
| Lakshmi Agencies | 23.10.2019 11.00 Am |
| Unitact Pharma | 25.10.2019 10.00 Am |

ക്വട്ടേഷനുകളുടെ ടാബുലേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം കുറഞ്ഞ നിരക്ക് സമർപ്പിച്ച Cure & Care Agencies,Palakkad ന്റെ ക്വട്ടേഷൻ അംഗീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നതിനായി നം.118/19 തീ.21.10.2019 പ്രകാരം പഞ്ചായത്തിലേക്ക് വെറ്ററനറി സർജൻ ശുപാർശ ചെയ്യുകയും 21.10.2019 ലെ പഞ്ചായത്ത് ഭരണ സമിതിയുടെ സാധാരണ യോഗത്തിലെ 2(2) നമ്പർ തീരുമാന പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ Cure & Care Agencies,Palakkad എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ സ്വീകരിക്കാൻ 25.10.2020 വരെ സമയം ഉണ്ടെന്നിരിക്കെ 23.10.2020 ന് ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനത്തിന് 21.10.2020 ന് ക്വട്ടേഷൻ അംഗീകരിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.7/4.12.2021)മറുപടി ലഭ്യമാക്കിയിട്ടില്ല. വാങ്ങൽ നടത്തുമ്പോൾ സ്റ്റോർ പർചേസ് മാന്വൽ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2019-20 | 2019-20 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പ്രൊജക്ടിന്റെ നം,പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 0 | 250000 | 113/20-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 250000 | 0 |
| | 0 | 3420 | 104/20-പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് | 3420 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 0 | 1400000 | 100/20-നെൽകൃഷി വികസനം | 1400000 | 0 |
| | 0 | 384236 | 119/20-പരിരക്ഷ പെയിൻ ആന്റ് പാലിയേറ്റീവ് | 384236 | 0 |
| | 0 | 360000 | 206/20-ലൈഫ് പദ്ധതി | 360000 | 0 |
| | 0 | 269400 | 209/20-വയബിലിറ്റി ഗാപ് ഫണ്ട് | 269400 | 0 |
| | 0 | 400000 | 113/20-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 400000 | 0 |
| | 0 | 500000 | 186/20- ശിശു മന്ദിരത്തിലെ വനിതകൾക്ക് വിശ്രമമുറി | 500000 | 0 |
| | 0 | 500000 | 250/20- പി.എച്ച്.സി യിലെ വനിതകൾക്ക് വിശ്രമമുറി | 500000 | 0 |
| ആകെ | 0 | 4067056 | | 4067056 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1. | വാട്ടർ അതോറിറ്റി | വാട്ടർ കണക്ഷൻ-വെറ്ററനറി ഹോസ്പിറ്റൽ | 21900649 10.12.2019 | 15000 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 15000 |
| 2. | കെ.എസ്.ഇ.ബി | കണക്കർകാവ് -ആനക്കരപാടം 215/20 ജലസേചന പദ്ധതി വൈദ്യുതി കണക്ഷൻ എടുക്കൽ | 21900650 10.12.2019 | 20160 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 20160 |
| 3. | കെ.എസ്.ഇ.ബി | പുറമണ്ണൂർ അഗരിക്കടവ് റോഡിലെ പോസ്റ്റ് മാറ്റൽ | 23/31-1-20 26/2-01-20 | 50488 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 50488 |
| | ആകെ | | | 85648 | | 85648 |

കുറിപ്പ്:- ക്രമനം. 3 പ്രകാരമുള്ള തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | ലഭ്യമല്ല | 2698600 | 2400000 | 411764 | | 4686836 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1580/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1999-2000 | 2-3 | 75 | ലഭ്യമല്ല | 119120104461/19-11-19 |
| | 2-2 | 180 | | 119120104723/27-11-19 |
| | 2-9 | 38 | | 119120104724/27-11-19 |
| | 2-3 | 90 | | 119120104921/6-12-19 |
| | 2-3 | 32 | | 119120106281/30-1-20 |
| 2001-02 | 2-1 | 71 | ലഭ്യമല്ല | 119120105067/12-12-19 |
| | 2-4 | 120 | | 119120105068/12-12-19 |
| | 2-2 | 160 | | 119120105069/12-12-19 |
| | 2-3 | 8 | | 119120104461/19-11-19 |
| | 2-3 | 22 | | 119120105074/12-12-19 |
| | 2-3 | 13 | | 119120105075/12-12-19 |
| | 2-3 | 288 | | 119120105180/19-12-19 |
| 2002-03 | 2-1 | 220 | ലഭ്യമല്ല | 119120105071/12-12-19 |
| | 2-2 | 233 | | 119120105072/12-12-19 |
| | 2-5 | 30 | | 119120105073/12-12-19 |
| ആകെ | | 1580 | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ

വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം |
|---|---|---|---|
| 1999-2000 | 2(20),2(46) | 2006-07 | 2(20)-KSHR Deposit- ഭവന പദ്ധതി<br>2(46)-വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല |
| 2014-15 | 2(1),2(2).2(3).2(4),2(5) | 2016-17 | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ്/ സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ | തുക | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| 1 | 2004-05 | 3-16<br>3-23(2) | PK.ഖാലിദ്<br>സെക്രട്ടറി | LF10419/ Spl.cell/SC /D1/12 /20.9.14 | 3209(3-16)<br>51134(3-23(2) | 54343 | OP No.24/2015 Dt.29.1.18 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58361703 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 54922738 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1243433 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 54530 | അഹമ്മദ്.പി,മെഡിക്കൽ ഓഫീസർ |
| 1-24(1) | 50488 | ശ്രീമതി.ജ്യോതി.എസ് ,സെക്രട്ടറി-ഇൻ-ചാർജ്ജ്(7950)<br>ശ്രീ.അജിത്ത് കമാർ കെ എസ് ,സെക്രട്ടറി (42538) |
| 1-24(2) | 600000 | ശ്രീ.ഗിരീഷ് ബാബു ,സെക്രട്ടറി |

| | | |
|---|---|---|
| 1-24(3) | 200000 | ശ്രീ.ഗിരീഷ് ബാബു ,സെക്രട്ടറി |
| 1-25 | 1,24,698 | ശ്രീ.ഗിരീഷ് ബാബു ,സെക്രട്ടറി |
| 1-27 | 2,13,717 | ശ്രീ.ഗിരീഷ് ബാബു ,സെക്രട്ടറി |
| | 1243433 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1985-86 | എൽ.എഫ്.എം.7/1513/90/ തിയ്യതി 21.10.92 | 7 |
| 1988-91 | എൽ.എഫ്.എം.7/866/94/ തിയ്യതി 15.10.94 | 20 |
| 1991-94 | എൽ.എഫ്.എം.7/1456/95/ തിയ്യതി 21.04.95 | 30 |
| 1994-97 | എൽ.എഫ്.എം.8/32/98/ തിയ്യതി 06.04.99 | 04 |
| 1997-98 (വരവ്) | എൽ.എഫ്.എം.9/902/09 തിയ്യതി 2-6-2010 | 2 |
| 97-98 ചെലവ് | എൽ.എഫ്.എം9/1253/06 തീയതി 18-10-2006 | 27 |
| 98-99 ചെലവ് | എൽ.എഫ്.എം12/844/05 തിയ്യതി 23-8-06 | 34 |
| 1999-00 (ചെലവ്) | എൽ.എഫ്.എം.12/ 858/ 05 തീയതി 31.01.2006 | 57 |
| 1999-00 (വരവ്) | എൽ.എഫ്.എം.9/ 2146/ 07 08.05.2008 | 3 |
| 2000-01 | എൽ.എഫ്.എം.9/2147/ 07 08.05.2008 | |
| 2001-02 (വരവ്) | എൽ.എഫ്.എം.9/2148/ 05 12.05.2008 | 04 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.12/ 971/ 05 07.09.2005 | 17 |
| 2002-03 (ചെലവ്) | എൽ.എഫ്.എം.12/ 965/ 05 07.11.2005 | 15 |

| | | |
|---|---|---|
| 2002-03(വരവ്) | എൽ.എഫ്.എം.9/ 2061/ 08 30.01.2012 | 05 |
| 2003-04 | എൽ.എഫ്.എം.9/2061/ 08 30.01.2012 | 14 |
| 2004-05 | എൽ.എഫ്.എം.13(17)/1346/ 01 30.01.2012 | 40 |
| 2005-06 | എൽ.എഫ്.എം.9/1583/ 09 12.03.2012 | 26 |
| 2006-07 | എൽ.എഫ്.എം.9/1584/ 09 30.01.2012 | 11 |
| 2007-08 2009-10 | എൽ.എഫ്.എം.13/1656/ 12 19.07.2012/ 15.09.2012 | 15 |
| 2010-11 | എൽ.എഫ്.എം.13/1018/13 22.06.2013 | 10 |
| 2011-12, 2012-13 | എൽ.എഫ്.എം13/1201/15/16.12.15 | 15 |
| 2013-14, 2014-15 | നം.കെ.എസ്.എ.എം.പി.എം.13/1626/2013/13-12-16 | 13 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം.13/3026 /2016/13-12-16 | 22 |
| 2016-17 | നം.കെ.എസ്.എ.എം.പി.എം.13/2033/2017/6.11.17 | 19 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം.13/2632/2018/28.1.19 | 20 |
| 2018-19 | നം.കെ.എസ്.എ/എം.പി.എം;13/203/2020 തിയ്യതി 13.03.20 | 09 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

എം.എ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ഇരുമ്പിളിയം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്